തൊഴിലാളികൾക്കും മരിച്ചുപോയിട്ടുള്ള ആളുകളുടെ ആശ്രിതർക്കും നിയമപരമായ ആനുകൂല്യങ്ങൾ, ഗ്രാറ്റുവിറ്റി മുതലായവ ലഭിച്ചിട്ടില്ല. 1993-ന് മുമ്പ് പിരിഞ്ഞു പോയവർക്കുപോലും പി.എഫ്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അതിദയനീയമായ ചിത്രമാണ് അതുണ്ടാക്കുന്നത്. കാഷ്യൂ കോർപ്പറേഷൻ അഞ്ചുവർഷം മുൻപ് 36 ഫാക്ടറികൾ ഏറ്റെടുത്തിരുന്നു. അതിലെ തൊഴിലാളികൾക്ക് ഗ്രാറ്റ്യൂവിറ്റി നൽകാൻ വക കണ്ടെത്തിയതുപോലെ കാപ്പെക്സിലെ ഈ കഷ്ടപ്പെടുന്ന തൊഴിലാളികൾക്കും മരണപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്കും ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി തുക വകകൊള്ളിക്കണം. അതുപോലെ ഇതിന്റെ അക്വിസിഷൻ നടപടികൾ കഴിയുന്നതുംവേഗം പൂർത്തിയാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പ്രധാനമായും കാപ്പെക്സിലെ തൊഴിലാളികളുടെ രണ്ട് പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഒന്ന്, റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി, പെൻഷൻ തുടങ്ങിയവ നൽകുക. മറ്റൊന്ന് അക്വിസിഷൻ നടപടികൾ സ്പീഡ്-അപ് ചെയ്യുക. ഇതെല്ലാം വ്യവസായ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ട കാര്യങ്ങളാണ്. കാപ്പെക്സ് വ്യവസായ വകുപ്പിന്റെ കീഴിലാണ് വരുന്നത്. സഹകരണ വകുപ്പു മന്ത്രിയുടെ കീഴിലല്ല വരുന്നത്. ആ നിലയ്ക്ക് അതിന്റെ വിശദാംശങ്ങൾ വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് വളരെ മാന്യമായ രീതിയിൽ ട്രേഡ് യൂണിയനുകളേയും മറ്റെല്ലാപേരെയും വിളിച്ച് ഡിസ്ക്കസ് ചെയ്ത് ഇതിന് പരിഹാരം കാണാൻ ഗവൺമെന്റ് പരമാവധി പരിശ്രമിക്കുന്നുണ്ട്.

(9) കിഴക്കമ്പലം വില്ലേജിലെ ചെമ്മലപ്പടി കോളനി നിവാസികൾക്ക് പട്ടയം

ശ്രീ. എം. പി. വർഗ്ഗീസ് : കുന്നത്തുനാട് അസംബ്ലി മണ്ഡലത്തിൽ കിഴക്കമ്പലം പഞ്ചായത്തിലുള്ള ചെന്നലപ്പടി അത്താണിപറമ്പ് കോളനിയിൽ താമസിക്കുന്ന 17 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കുന്നത് സംബന്ധിച്ച് കുറെ കാലത്തെ ശ്രമത്തിന് ഇനിയെങ്കിലും പരിഹാരമുണ്ടാകണമെന്ന് അഭ്യർത്ഥിക്കാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പെരിയാർവാലി പുറംപോക്ക് റവന്യൂവിലേയ്ക്ക് വിട്ടുകിട്ടിയതായിരുന്നു. ആകെയുള്ള ഭൂമി 46 ആർ മാത്രമാണ്. 17 വീട്ടുകാർ താമസിക്കുന്നത് 10 സെന്റിന് താഴെയാണുള്ളത്. കമ്പോള വില ഒഴിവാക്കണമെന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിനോട് അവർ ആവശ്യപ്പെട്ടു. കമ്പോള വില മൂന്നര ലക്ഷത്തോളം രൂപ വരും. യാതൊരു ഗതിയുമില്ലാത്ത നിത്യ കൂലിപ്പണിക്കാരായ പട്ടിണിക്കാരായ ആളുകളാണ്. 1994 മുതലുള്ള ഒരു ശ്രമമാണ്. ഇതുവരെ പട്ടയം കിട്ടാൻ കഴിഞ്ഞിട്ടില്ല. വളരെ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന റവന്യൂ ഡിപ്പാർട്ടുമെന്റിന് ഈ പ്രശ്നം അപമാനകരമാണ്. ഈ പ്രശ്നത്തിന് അടിയന്തിരമായി പരിഹാരമുണ്ടാക്കണം. കമ്പോള വില ഒഴിവാക്കി അവരെ രക്ഷിക്കണം. ഇങ്ങനെയുള്ള നൂലാമാലകളിൽ നിന്നും അവരെ ഒഴിവാക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ച് പട്ടയം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : ഈ അപമാനത്തിൽ നിന്നും ഉടനെ രക്ഷ നേടണം എന്നുതന്നെയാണ് എന്റെയും ആഗ്രഹം. ഇത് 1996 മുതൽക്ക് എം.എൽ.എ. ഇവിടെ ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളൊക്കെ പരിശോധിച്ചിരുന്നു. 17 കുടുംബങ്ങൾക്ക് 46 ആർ ഭൂമിയാണുള്ളത്. എല്ലാം ഒരു സെന്റ്, രണ്ട് സെന്റ്, മൂന്ന് സെന്റ് ഒക്കെ കൈവശമുള്ളവരാണ്. ഇന്നത്തെ നിയമ വ്യവസ്ഥയനുസരിച്ച് മാർക്കറ്റ് വില കൊടുക്കണം എന്ന ഒരു പ്രശ്നമുണ്ട്. അങ്ങനെ വരുമ്പോൾ 3 ലക്ഷത്തിലേറെ രൂപയാണ് അതിന് വേണ്ടിവരുന്നത്. ഇത് 1968-ൽ പെരിയാർവാലി പ്രോജക്ടിനുവേണ്ടി പൊന്നുംവിലയ്ക്കെടുത്ത് കനാലിനുവേണ്ടി ഉപയോഗിച്ചു ബാക്കി വന്ന സ്ഥലമാണ്. ആ സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റിന് തന്നെ വിട്ടുകിട്ടിയിട്ടുണ്ട് എന്നാണ് റിപ്പോർട്ട്. ഇങ്ങനെ വിട്ടു കിട്ടിയിട്ടുള്ളതിനാൽ വേറെ നിയമ തടസ്സമൊന്നുമില്ല. കഴിയുന്നതും വേഗം ഇത് കൊടുക്കും. അവർ വളരെ പാവപ്പെട്ടവരാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെങ്കിൽ ഇത് സൗജന്യമായി കൊടുക്കാനുള്ള സാദ്ധ്യതകൾ ഉണ്ടോയെന്ന് പരിശോധിച്ച് കഴിയുന്നതും വേഗം പരിഹാരം ഉണ്ടാക്കുന്നതാണ്.

(10) ചാലക്കുടി താലൂക്ക് രൂപീകരണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : റവന്യൂ യൂണിറ്റികളുടെ അതിർത്തി വ്യതിയാനവും സെൻസസും തമ്മിൽ ബന്ധപ്പെടുത്തി സെൻസസ് ഡയറക്ടർ ജനറൽ അതിർത്തി വ്യതിയാനം 2000 മാർച്ച് വരെ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അത് ആർക്കാണ് സൗകര്യമാകുന്നത് എന്ന അറിയാൻ വയ്യാഞ്ഞിട്ടല്ല. എങ്കിലും പ്രതിപക്ഷാംഗങ്ങൾക്ക് നെഗറ്റീവ് ആയിട്ട് ഉത്തരം കൊടുക്കാൻ താൽപ്പര്യമില്ലാത്ത ഒരു മന്ത്രിയാണ് വകുപ്പ് ഭരിക്കുന്നത് എന്നുള്ളതുകൊണ്ട് അഭ്യർത്ഥിക്കുകയാണ്, ചാലക്കുടി താലൂക്ക് അനുവദിക്കണം. "വെറുതെയീമോഹങ്ങൾ എന്നറിയുമ്പോഴും വെറുതെ മോഹിക്കുവാൻ മോഹം." പോസിറ്റീവായിട്ട് ഒരു ഉത്തരം തന്ന് ചാലക്കുടി താലൂക്ക് രൂപീകരിക്കണമെന്ന് വിനയപൂർവ്വമായി അഭ്യർത്ഥിക്കുന്നു. പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകും. പക്ഷേ അത് അതിജീവിക്കാനുള്ള കരുത്ത് സർക്കാരിന് ഉണ്ടാകണം. നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം വേണം. മുകുന്ദപുരം താലൂക്കിന് 1315.93 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. നാലര മുതൽ 5 ലക്ഷംവരെ മതി ജനസംഖ്യ. 1991-ലെ സെൻസസ് അനുസരിച്ചുതന്നെ 738658 ഉണ്ട് മുകുന്ദപുരം താലൂക്കിലെ ജനസംഖ്യ. പിന്നെ പരിഗണനയിൽ വരുന്ന വിഷയം ഭൂമിശാസ്ത്രപരവും സാമൂഹ്യപരവുമായ പിന്നോക്കാവസ്ഥയാണ്. മലക്കപ്പാറ, തവളക്കുഴിപ്പാറ, വെട്ടിച്ചുടുകാട്, കണ്ടിക്കുന്നു, കാട്കുറ്റി, തുടങ്ങിയ സ്ഥലപ്പേരുകൾ മാത്രം മതി ഭൂമിശാസ്ത്രപരവും സാമൂഹ്യപരവുമായ താലൂക്കിന്റെ പിന്നോക്കാവസ്ഥ പ്രദർശിപ്പിക്കാൻ ജനങ്ങളുടെ വികാരങ്ങൾ പ്രാദേശിക സാഹചര്യങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ട് റവന്യൂ പുനഃസംവിധാനം പൂർത്തീകരിക്കുന്ന മുറയ്ക്ക് താലൂക്ക് പുനഃസംവിധാനം നിർവ്വഹിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly